# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 470

06/03/2012 ൽ മറുപടിയ്ക്ക്

### ശ്രവണവൈല്യമുള്ള കുട്ടികൾക്കായുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

ചോദ്യം

ശ്രീ.പി.എ.മാധവൻ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. വർക്കല കഹാർ

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | ശ്രവണ വൈകല്യമുള്ള കുട്ടിക്കൾക്കായുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി എന്നു മുതലാണ് നടപ്പാലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) 2012 മാർച്ച് മാസത്തിൽ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| ബി | ഈ പദ്ധതി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) 0-3 വയസ് പരിധിയിലുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ചെയ്ത് സ്പീച്ച് തെറാപ്പി ചെയ്യുന്നതിന് 5 ലക്ഷം രൂപ വരെ ലഭ്യമാക്കുന്നതാണ്. |
| സി | ഇതിനുള്ള രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ; | സി) പദ്ധതി പ്രകാരമുള്ള അപേക്ഷ പൂരിപ്പിച്ച് അനുബന്ധ രേഖകളും ആവശ്യമുള്ള ടെസ്റ്റ് നടത്തിയതിന്റെ പകർപ്പുകളും സഹിതം കേരള സാമൂഹ്യ സുരക്ഷമിഷനിൽ നൽകണം. അപേക്ഷകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലെ റിജയണൽ ടെക്നിക്കൽ കമ്മിറ്റികൾ പരിശോധിച്ച് തെരഞ്ഞെടുക്കുന്ന അപേക്ഷകൾ സ്റ്റേറ്റ് ലവൽ ടെക്നിക്കൽ കമ്മറ്റിയ്ക്ക് സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി തെരഞ്ഞെടുക്കുന്ന അപേക്ഷകർക്ക് സർജ്ജറി ചെയ്യുന്നു. |

| | | |
|---|---|---|
| ഡി | നാളിതുവരെ എത്രപേർ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ; | ഡി) ഇതുവരെ 189 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ഇ | ഒരു വർഷം എത്രപേർക്കാണ് ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഇ) പ്രതി വർഷം 200 കുട്ടികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| എഫ് | ഈ ആവശ്യത്തിലേയ്ക്കുള്ള ധനശേഖരണാർത്ഥം ലോട്ടറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിഗണിക്കുമോ? | (എഫ്) ഇക്കാര്യത്തിൽ സ്റ്റാമ്പ് വിൽപ്പനയിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ളാൻ/തനത് ഫണ്ടിൽ നിന്നും സംഭാവനയായും ഫണ്ട് ശേഖരിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |

R. Vijayan

സെക്ഷൻ ആഫീസർ